# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2310
# 12.02.2020 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിൽ നിന്നും പി.എം.സി രീതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | | ഉത്തരം<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും പി.എം.സി. രീതിയിൽ അക്രെഡിറ്റഡ് ഏജൻസി വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വർക്ക് ഓർഡർ കരാറുകാർക്ക് നൽകുന്നത് ഏത് ഏജൻസിയാണ്; | സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതു ഉത്തരവുകൾ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തികൾക്കും ബാധകമാണ്. 03.08.2018 തീയതിലെ സ.ഉ.(അച്ചടി)നം. 118/2018/ധന, പ്രകാരം പി.എം.സി. രീതിയിൽ അക്രെഡിറ്റഡ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വർക്ക് ഓർഡർ തിരഞ്ഞെടുത്ത കരാറുകാരന് നൽകേണ്ടത് അക്രെഡിറ്റഡ് ഏജൻസിയാണ്. |
| (ബി ) | പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം പ്രവൃത്തികളുടെ എം.ബുക്ക് തയ്യാറാക്കി ജി.എസ്.ടി. പോർട്ടലിൽ സമർപ്പിക്കുമ്പോൾ ആരുടെ ജി.എസ്.ടി. നമ്പരിൽ പ്രവൃത്തി കാണിക്കണം എന്ന് വിശദീകരിക്കുമോ; | പ്രവൃത്തിയുടെ എം. ബുക്ക് ജി.എസ്സ്.ടി പോർട്ടലിൽ സമർപ്പിക്കാറില്ല. പ്രവൃത്തിയുടെ ബില്ല് പാസ്സായി പേയ്മെന്റ് നൽകിയ ശേഷം അതു സംബന്ധിച്ച വിവരങ്ങളാണ് ജി.എസ്സ്.ടി പോർട്ടലിൽ സമർപ്പിക്കുന്നത്. പ്രസ്തുത വിവരങ്ങൾ പ്രവൃത്തി ചെയ്ത കരാറുകാരന്റെ ജി.എസ്സ്.ടി നമ്പർ കാണിച്ചാണ് സമർപ്പിക്കുന്നത്. |
| (സി) | കരാറുകാർ പി.എം.സി. രീതിയിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ എം. ബുക്ക് പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം തയ്യാറാക്കി സമർപ്പിക്കുമ്പോൾ ജി.എസ്.ടി. ഇൻവോയിസിന്റെ ഇൻപുട്ട് ടാക്സ് എടുക്കുന്നതിന് ആർക്കാണ് അധികാരമെന്ന് വിശദീകരിക്കുമോ? | ജി.എസ്.ടി. ഒടുക്കിയിട്ടുള്ളവർക്കാണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുവാൻ അധികാരമുള്ളത്. |

അക്കൗണ്ട്സ് ഓഫീസർ